# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 10 : ഒക്ടോബർ 2012**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധർമ്മ പഥ ഹീ ശാന്തി പഥ,*
*ധർമ്മ പഥ സുഖ പന്ഥ്,*
*ഇസ പഥ പർ ജോ ഭീ ചലേ,*
*മംഗൾ ജഗേ അനന്ത്.*

ധർമ്മ പഥമേ ശാന്തി പഥം,
ധർമ്മ പഥമേ സൗഖ്യ പഥം,
ധർമ്മ ഫഥത്തിലാരു നടപ്പൂ,
മംഗളമുണരുമനന്തം.

— **എസ. എൻ. ഗോയങ്ക**

# ധർമ്മ അനുധർമ്മത്തിന്റെ പ്രതിപാദനം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 33 ാം ഭാഗം)*

ആർക്കെങ്കിലും ഭഗവാൻ ബുദ്ധനോട് ശ്രദ്ധ ഉണർന്നു. മഹാമംഗളമായി, മഹാകല്യാണമായി. ഭഗവാൻ ബുദ്ധനോട് ശ്രദ്ധ ഉണർന്നു എന്നാൽ ജ്ഞാനത്തിനൊപ്പമുള്ള ശ്രദ്ധയല്ലെങ്കിൽ, കർമ്മ മയമായ ശ്രദ്ധയല്ലെങ്കിൽ ഏതൊരു നന്മ യുണ്ടാകേണ്ടിയിരുന്നോ, ആ നന്മയുണ്ടാകില്ല: എത്ര നന്മയുണ്ടാകേണ്ടിയിരുന്നോ, അത്ര ഉണ്ടാകില്ല. ധർമ്മത്തിന്റെ വഴിയിൽ മുന്നേറിയില്ലെങ്കിൽ ശ്രദ്ധയുടെ ലാഭം ലഭിക്കാതെപോകും. ശ്രദ്ധ എപ്പോൾ ജ്ഞാനമില്ലാത്തതാകുന്നോ, അപ്പോൾ ഇതുതന്നെയാണ് സംഭവിക്കുന്നത്. രാവിലെ–രാവിലെ ഉണർന്നെഴുന്നേറ്റ് ചിലർ പാരായണം ചെയ്യുന്നു – 'ബുദ്ധം ശരണം ഗച്ഛാമി, ധമ്മം ശരണം ഗച്ഛാമി, സംങ്ഘം ശരണം ഗച്ഛാമി'. മതി, എന്റെ ജോലി പൂർത്തിയായി – ഞാൻ ബുദ്ധന്റെ ശരണം എടുത്തല്ലോ ഇനി ദിവസം മുഴുവൻ ഒഴിവാണ്. എത്ര വേണമെങ്കിലും ദുരാചരണം ചെയ്യാം, എത്ര വേണമെങ്കിലും തെറ്റായ പ്രവൃത്തി ചെയ്യാം, എന്തിനാണ് ശരണം വിളിച്ചത്? ഇനി അദ്ദേഹത്തിന്റെ ജോലിയാണ്, താങ്കൾ എന്നെ മുക്തനാക്കും. മുഴുവൻ വികാരങ്ങളിൽ നിന്നും മുക്തനാക്കും, മുഴുവൻ ദുഖങ്ങളിൽ നിന്നും മുക്തനാക്കും. അതിനുവേണ്ടിയല്ലെ ശരണം പ്രാപിച്ചത്. എന്നാൽ ശരണം വ്യക്തിയുടെയല്ല, ഗുണങ്ങളുടെയാണ് എന്ന് മനസ്സിലാക്കിയില്ല. 'ഗൗതമം ശരണം ഗച്ഛാമി', എന്നു പറയാൻ പഠിപ്പിച്ചില്ല. 'ബുദ്ധം ശരണം ഗച്ഛാമി'. ബുദ്ധനിൽ ഏതൊരു രത്നമുണ്ടോ, ധർമ്മത്തിൽ ഏതൊരു രത്നമുണ്ടോ, സംഘത്തിൽ ഏതൊരു രത്നമുണ്ടോ, അതിന്റെ ശരണം. ബുദ്ധനിലുള്ള രത്നം എന്താണ്? ബുദ്ധനിലെ രത്നം ബോധിയാണ്, വിദ്യയാണ്. കൂടാതെ ബോധിയുടെ വിത്ത് എല്ലാവരുടെ ഉള്ളിലും അടങ്ങിയിട്ടുണ്ട്. അതിനാൽ നമ്മുടെ ഉള്ളിൽ ബോധിയുടെ ഏതൊരു വിത്തുണ്ടോ, അത് വികസിതമായാൽ ശരിയായ അർത്ഥത്തിൽ ശരണം ലഭിക്കും. ഇതിനാൽ വീണ്ടും വീണ്ടും പറഞ്ഞു – 'അത്ത ശരണം ന അന്യ ശരണം, ധമ്മ ദീപം ധമ്മ ശരണം, ന അന്യ ശരണം'. ശരണം നല്കാൻ മറ്റാരും തന്നെയില്ല. സ്വയം സ്വന്തം ദ്വീപാകുക. നമ്മുടെ ഉള്ളിൽ ധർമ്മം ഉണർന്നാൽ അതേ ശരണം തരുകയുള്ളു. അതേ സുരക്ഷ തരുകയുള്ളു. അതേ നമ്മുടെ മംഗളം ചെയ്യുകയുള്ളു. ഈ വിവേകത്തോടൊപ്പമാണ് ബുദ്ധം ശരണം ഗച്ഛാമി എന്നു വിളിക്കുന്നത്, അപ്പോഴെ ശ്രദ്ധ ബലവതിയാകുകയുള്ളു, ഫലവതിയാകുകയുള്ളു.

ജനങ്ങൾ വഴിതെറ്റിപ്പോകും എന്ന് ഭഗവാൻ ബുദ്ധൻ അറിഞ്ഞിരുന്നു. മുന്നോട്ടു പോയി ഒരിടത്തും വഴിതെറ്റരുത്, ബുദ്ധന്റെ പേരിൽ മറ്റെന്തെങ്കിലും സമ്പ്രദായം നിർമ്മിക്കരുത് – അതിനാൽ ജീവൻ മുഴുവൻ അദ്ദേഹം ബൗദ്ധ ധർമ്മമല്ല ധർമ്മമാണ് പഠിപ്പിച്ചത്. പതിനയ്യായിരം പേജുള്ള ബുദ്ധവാണിയിൽ ബൗദ്ധ ശബ്ദം എങ്ങും തിരഞ്ഞാൽ കിട്ടില്ല. ഭഗവാൻ ആരെയും ബൗദ്ധനാക്കിത്തീർത്തില്ല, ധാർമ്മികനാക്കിത്തീർത്തു. 'ധമ്മികൊ', 'ധമ്മട്ഠൊ'– ധാർമ്മികനായിത്തീരുക, ധർമ്മിഷ്ഠനായിത്തീരുക. ധർമ്മചാരി, ധർമ്മവിഹാരി ആയിത്തീരുക. എങ്ങാനും സമ്പ്രദായമായി ത്തീരരുത്. സമ്പ്രദായമായിത്തീർന്നാൽ ധർമ്മം സീമിതമായിത്തീരും. ബൗദ്ധധർമ്മം ആയാൽ കേവലം ബുദ്ധ മതക്കാർവരെ മാത്രം സീമിതമായിത്തീരും. ധർമ്മമാകട്ടെ എല്ലാ വരുടെയുമാണ്. ആരെങ്കിലും ബുദ്ധനായി ത്തീർന്നാൽ സാർവ്വജനീനവും എല്ലാവരുടെയുമായ ധർമ്മമെ പഠിപ്പിക്കുകയുള്ളു. അതിനാൽ പറഞ്ഞു –

എപ്പോഴെപ്പോൾ നമസ്കരിക്കുന്നുവോ അപ്പോൾ ആരെ നമസ്കരിക്കണം?

'നമൊ തസ്സ ഭഗവതൊ അരഹതൊ സമ്മാ സംബുദ്ധസ്സ' ആര് ബുദ്ധനായിത്തീർന്നോ, ആര് അരഹന്തനായോ, ആര് മുക്തനായോ, ആര് ഭഗവാനായോ, അദ്ദേഹത്തിന് നമസ്കാരം. അത് ആരായാലും ശരി. സിദ്ധാർത്ഥ ഗൗതമന്റെ ഏകാധിപത്യമല്ല, അദ്ദേഹമാകട്ടെ ആകുകതന്നെ ചെയ്തു, നിശ്ചിതമായും ആയിത്തീർന്നു. മറ്റുള്ള അനേകരും ആയിത്തീർന്നു. അനേകരും ആയിത്തീരാൻ പോകുന്നു. അതിനാൽ ഗുണങ്ങളോട് നമസ്കാരമാണ്. ഈ അവസ്ഥയിൽ ആര് എത്തിച്ചേരുന്നോ, അവരെ നമസ്കരിക്കുന്നു.

പൂജ ചെയ്യണം, വന്ദനം ചെയ്യണം. ജനങ്ങൾ അമ്പലം നിർമ്മിക്കും, വിഗ്രഹങ്ങൾ നിർമ്മിക്കും, ഇത് ചീത്തയായ കാര്യമല്ല. എന്നാൽ ഒപ്പം ബോധിയില്ല, വിവേകമില്ല എങ്കിൽ തെറ്റായ കാര്യമായിത്തീരും. മറിച്ചാണെങ്കിൽ വിഗ്രഹത്തെ കണ്ട് നമ്മുടെ മനസ്സിൽ പ്രേരണ ഉണരും – നമ്മുടെ പ്രദേശത്തിൽ ഇത്തരം ഒരു മഹാപുരുഷനുണ്ടായി, അദ്ദേഹം ജനങ്ങളെ ശുദ്ധ ധർമ്മം പഠിപ്പിച്ചു. ജനങ്ങൾക്ക് മംഗളകരമായ വഴി കാണിച്ചു കൊടുത്തു. ഏതൊരു വിദ്യ ഭാരതത്തിൽ നിന്നും ലുപ്തമായിപ്പോയോ, അതിനെ അന്വേഷിച്ച് കണ്ടെത്തി. സ്വന്തം നന്മ മാത്രമല്ല, ജനങ്ങൾക്ക് വിതരണം ചെയ്ത് ജനങ്ങൾക്ക് നന്മ ചെയ്തു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉപകാരത്തെ ഓർത്തുകൊണ്ട് അദ്ദേഹത്തിനെപ്പറ്റി കൃതജ്ഞത യുടെ ഭാവം ഉണർത്തണം. പിന്നെ വിഗ്രഹത്തെ കണ്ടതിനുശേഷം അദ്ദേഹത്തിന്റെ ഗുണങ്ങളെ ഓർമ്മിക്കുക. അത്തരം ഗുണം നമ്മളിലും വരണം, ഇതിനായി പ്രയത്നശീലനായിത്തീരണം. ആര് ബുദ്ധനാകുന്നുവോ അദ്ദേഹത്തിൽ ഇത്തരം ഗുണങ്ങൾ ഉണ്ടാകുകതന്നെ ചെയ്യും. ആ ഗുണം നമ്മളിൽ വരുന്നുണ്ടോ അതോ വരുന്നില്ലയോ? അതിനാൽ എപ്പോൾ എപ്പോൾ വന്ദിക്കുന്നുവോ അപ്പോഴപ്പോൾ ഏതെങ്കിലും സമ്പ്രദായത്തിന്റെ വേലിക്കെട്ടിൽ ബന്ധിക്കപ്പെടരുത്. അതിനാൽ ഇപ്രകാരം വന്ദനം ചെയ്യാൻ പഠിപ്പിച്ചു.

യെ ച ബുദ്ധാ അതിതാ ച, യേ ച ബുദ്ധാ അനാഗതാ, പച്ചുപ്പന്നാ ച യേ ബുദ്ധാ, അഹം വന്ദാമി സബ്ബദാ — യെ ച ബുദ്ധാ അതിതാ ച – ഭൂതകാലത്തിൽ ആരൊക്കെ ബുദ്ധരായോ, യെ ച ബുദ്ധാ അനാഗതാ – വരാനിരിക്കുന്ന കാലത്ത്, ഭാവികാലത്തിൽ ആരൊക്കെ ബുദ്ധരാകുമോ, കൂടാതെ പച്ചുപ്പന്നാ ച യേ ബുദ്ധാ – ഇന്നത്തെ യുഗത്തിലും ആരെങ്കിലും ബുദ്ധരാണെങ്കിൽ, അവർ എല്ലാവരെയും നാം നമസ്കാരം ചെയ്യുന്നു. അവരുടെ ഗുണങ്ങളെ നമസ്കാരം ചെയ്യുന്നു.

ജനങ്ങൾ ബുദ്ധന്റെ പൂജ ചെയ്യും. അമ്പലമുണ്ട്, വിഗ്രഹങ്ങളുണ്ട് അതിന് സ്ഥാനമുണ്ട്. വേണമെങ്കിൽ പുഷ്പം അർപ്പിക്കട്ടെ, ദീപം തെളിക്കട്ടെ. എന്നാൽ പൂജ എങ്ങനെയാകണമെന്ന് ഒപ്പം തന്നെ ശരിക്കും മനസ്സിലാക്കിക്കൊണ്ടിരിക്കട്ടെ. എങ്ങനെയാണ് ബുദ്ധന്റെ പൂജ ചെയ്യേണ്ടത്, മനസ്സിലാക്കിത്തന്നിട്ടുണ്ട്.

ഇമായ ധമ്മാനുധമ്മ പടിപത്തിയാ ബുദ്ധം പൂജേമി – ഇപ്രകാരം ധർമ്മാനുധർമ്മങ്ങളുടെ ആചരണം ചെയ്തുകൊണ്ട്, സ്ഥൂലധർമ്മം മുതൽ സൂക്ഷ്മം, കൂടുതൽ സൂക്ഷ്മം, ഏറ്റവും സൂക്ഷ്മമായ ധർമ്മം വരെ ധർമ്മത്തിന്റെ മുഴുവൻ പാതയും അറിയേണ്ടതുണ്ട്. ശീലത്തിൽ തുടങ്ങി സമാധി യിലേക്ക്, സമാധിയിൽ നിന്ന് പ്രജ്ഞയിലേക്ക്, പ്രജ്ഞയിൽ നിന്ന് വിമുക്തിയിലേക്ക്, ഇപ്രകാര മാണ് ബുദ്ധന്റെ പൂജ ചെയ്യേണ്ടത്. അങ്ങനെയെങ്കിൽ പൂജ ശരിയായ പൂജയാണ്, മംഗളകരമായ പൂജയാണ്. അതല്ലെങ്കിൽ ഇതും ഒരു ആചാരാനുഷ്ഠാനമായി മാറി. കേവലം ആചാരാ നുഷ്ഠാനമായി മാറിയാൽ പ്രാണനില്ലാത്ത തായിത്തീരും. പൂജ പതുക്കെ പതുക്കെ ജീവനില്ലാത്തതായി മാറും, സാരമില്ലാത്തതായി മാറും. എന്നാൽ എപ്പോൾ അതിനൊപ്പം ധർമ്മം കൂടിച്ചേരുന്നുവോ – നമ്മുടെ ഉള്ളിൽ പ്രേരണ ഉണർത്തണം അതാണ് ധർമ്മം, കൂടാതെ നമ്മുടെ ഉള്ളിലും നമ്മൾ അത്തരം സദ്ഗുണം കൊണ്ടുവരാനുള്ള പ്രയത്നം ചെയ്യാൻ തുടങ്ങിയാൽ ധർമ്മമായി, അപ്പോൾ ശ്രദ്ധ മംഗളകരമായി. അത്തരത്തിലുള്ള ശ്രദ്ധയാണ് ഉണരേണ്ടത്. അതിനാൽ ബുദ്ധന്റെ ഗുണങ്ങളെ ഓർക്കണം. ബുദ്ധൻ ആരായാലും ശരി, അദ്ദേഹത്തിന്റെ ഈ ഗുണങ്ങൾ ഉണ്ടെങ്കിലെ ബുദ്ധനാകുകയുള്ളൂ. അതല്ലെങ്കിൽ ബുദ്ധനല്ല. അപ്പോൾ എന്തുഗുണമാണ് ഉണ്ടാകേണ്ടത്.

ഇതിപി സൊ ഭഗവാ, അരഹം, സമ്മാസംബുദ്ധൊ, വിജ്ജാചരണ സമ്പന്നൊ, സുഗതൊ, ലോകവിദൂ, അനുത്തരം പുരിസധമ്മസാരഥി സത്താ ദേവമനുസ്സാനം, ബുദ്ധൊ ഭഗവാതി – ഈ ഗുണങ്ങളുണ്ടെങ്കിലെ ബുദ്ധനാകൂ. ഇതിപിസൊ ഭഗവാ – അദ്ദേഹം ഭഗവാനാകുന്നു. എങ്ങനെയാണ് ഭഗവാനായി ത്തീരുന്നത്? രണ്ടായിരത്തിഅഞ്ഞൂറു വർഷങ്ങളിൽ നമ്മൾക്ക് ഈ ശബ്ദത്തിന്റെ അർത്ഥം തന്നെ നഷ്ടപ്പെട്ടു. ആര് ഈശ്വരനാണോ, ആര് പരമാത്മവാണോ, ആര് മുഴുവൻ ലോകത്തേയും നിർമ്മിച്ചുവോ, ഇത്തരം വ്യക്തിയെയാണ് ഇന്ന് ഭഗവാൻ എന്ന് വിളിക്കുന്നത്. ആ ദിനങ്ങളിലുള്ള ജനഭാഷയിൽ ഈ അർത്ഥം അല്ലായിരുന്നു. ഭഗവാൻ ആരാണ്?

ഭഗ്ഗ രാഗൊ, ഭഗ്ഗ ദോസൊ, ഭഗ്ഗ മോഹൊ, അനാസവൊ.... ആര് സ്വന്തം രാഗത്തെ മുഴുവൻ നഷ്ടമാക്കിയോ, ആര് സ്വന്തം ദ്വേഷത്തെ മുഴുവൻ നഷ്ടമാക്കിയോ, ആര് സ്വന്തം മോഹത്തെ മുഴുവൻ നഷ്ടമാക്കിയോ, ഇപ്രകാരം രാഗമില്ലാതെ, ദ്വേഷ മില്ലാതെ, മോഹമില്ലാതെ, കർമ്മ ബന്ധന ങ്ങളില്ലാതെ, മുഴുവൻ പാപധർമ്മങ്ങളിൽ നിന്നും, അതായത് മുഴുവൻ വികാരങ്ങളിൽ നിന്നും വിമുക്തനായി – ആര് മുക്തിയുടെ ഐശ്വര്യ പൂർണ്ണമായ ജീവൻ ജീവിക്കുന്നുവോ, അദ്ദേഹം ഭഗവാനായിത്തീർന്നു. നമ്മൾ നമ്മളുടെ മനസ്സിന്റെ അല്പമെങ്കിലും രാഗം നീക്കാൻ തുടങ്ങിയാൽ, ദ്വേഷം നീക്കാൻ തുടങ്ങിയാൽ, മോഹം നീക്കാൻ തുടങ്ങിയാൽ അപ്പോൾ ശ്രദ്ധ മംഗളകരമായി.

'അരഹം'– ആരെങ്കിലും ബുദ്ധനായാൽ അപ്പോൾ അരഹന്തനായി. 'അരഹന്തൻ' എന്നാൽ എന്താണ്? 'അരി' എന്നാൽ ശത്രു. 'ഹന്ത്' എന്നാൽ വധിച്ചവൻ. വധിച്ചു. സ്വന്തം മുഴുവൻ ശത്രുക്കളെയും വധിച്ചു. ഓ, ഇത്തരം അഹിംസയുടെ ഉപാസകൻ

ആരെയാണ് വധിക്കാൻ പോകുന്നത്! ആരെയാണ് വധിച്ചത്? ശത്രുവാരാണ്? പുറമെയുള്ള വ്യക്തി നമ്മുടെ ശത്രുവല്ല. നമ്മുടെ മുഴുവൻ ശത്രുവും, നമ്മുടെ ഉള്ളിലാണ്. നമ്മുടെ ഈ വികാരം തന്നെയാണ് നമ്മുടെ ശത്രു. ആര് ഈ ശത്രുക്കളെ നഷ്ടമാക്കിയോ, സ്വന്തം ഉള്ളിൽ ഒരു ശത്രുവിനെപ്പോലും ബാക്കി വച്ചില്ലയോ, അദ്ദേഹം അരഹന്തനായിത്തീർന്നു.

സമ്മാസംബുദ്ധൊ – സ്വയം ബുദ്ധനായി. സ്വയം ആയിത്തീർന്നു. മറ്റാരെങ്കിലും പറഞ്ഞുതന്ന വഴിയിലൂടെ നടന്നല്ല ബുദ്ധനായത്. തന്നത്താൻ വഴി കണ്ടുപിടിക്കുന്നു. ഇതിനായി വലിയ പ്രയത്നം ചെയ്യേണ്ടതുണ്ട്.

ഏതെങ്കിലും സമ്യക്സംബുദ്ധനുണ്ടായി, എന്നിട്ട് അദ്ദേഹം വഴിപറഞ്ഞു തന്നു, എന്തെന്നാൽ അദ്ദേഹം അന്വേഷിച്ചു കണ്ടെത്തി. ആ വഴിയിലൂടെ നടന്ന് മുൻപ് ആരെങ്കിലും അരഹന്തനായി, ബുദ്ധനായി, ഈ കാര്യം മാറി.

എന്നാൽ ഇപ്പോൾ വഴി തന്നെ ഇല്ലാതായി, വിദ്യ തന്നെ നഷ്ടമായി. അതിനെ തിരഞ്ഞു കണ്ടുപിടിക്കാൻ വലിയ ശക്തി ആവശ്യമാണ്. അനേക ജന്മങ്ങളായി ധർമ്മത്തിന്റെ ഈ ബലം ശേഖരിക്കുകയായിരുന്നു, പാരമിതകൾ പൂർത്തീകരിക്കുകയായിരുന്നു, എണ്ണിയാൽ തീരാത്ത ജന്മങ്ങൾ. ഏതോ ദീപങ്കർ ബുദ്ധൻ ആശീർവാദം കൊടുത്തു, ഇനി നീ ബുദ്ധനായിത്തീരും. എന്നിട്ട് ഒരു പ്രാവശ്യം സ്വർഗ്ഗത്തിൽ പോയി എന്നിട്ട് സിദ്ധാർത്ഥ ഗൗതമനായി ജനിച്ചു എന്നിട്ട് ബുദ്ധനായി അങ്ങനെയല്ല ഉണ്ടായത്. അങ്ങനെ സംഭവിക്കില്ല. രണ്ടല്ല, നാലല്ല, നൂറല്ല ആയിരമല്ല, കോടിക്കണക്കിനു ജന്മങ്ങൾ. അസംഖ്യ ജന്മങ്ങളായി സ്വന്തം സദ്ഗുണങ്ങളെ ഉണർത്തി, ഉണർത്തി, അവയെ ബലവാനാക്കി, ഇദ്ദേഹത്തിന് സമ്യക്സംബുദ്ധനാകാൻ സാധിക്കും, നഷ്ടപ്പെട്ട വിദ്യയെ തിരഞ്ഞു കണ്ടു പിടിക്കാൻ സാധിക്കും, ആ അവസ്ഥയിൽ എത്തിച്ചേരുന്നു.

ആര് ഇത്ര പുരുഷാർത്ഥം ചെയ്തുവോ, അദ്ദേഹത്തിൽ നിന്നും പ്രേരണ ഉൾക്കൊണ്ട് നമ്മളുടെ ചിത്തത്തെ നിർമ്മലമാക്കുന്നതിന് അല്പമെങ്കിലും പുരുഷാർത്ഥം ചെയ്യണം, അല്പമെങ്കിലും പ്രയത്നം ചെയ്യണം, എങ്കിൽ ഭക്തി മംഗളകരമായി, നന്മകാരിയായി.

'വിജ്ജാചരണസമ്പന്നൊ' – വിദ്യയിലും സമ്പന്നമായി, ആചരണത്തിലും സമ്പന്നമായി. ശീലത്തിൽ, സമാധിയിൽ, പ്രജ്ഞയിൽ സമ്പന്നമായി. ജീവനിൽ ധർമ്മം വന്നു. ആചരണത്തിൽ വന്നു, അതിനാൽ 'വിജ്ജാചരണസമ്പന്നൊ'.

'സുഗതൊ'– ഗതി, നല്ലതുതന്നെയാണ്. ശരീരത്തിന്റെ മുഴുവൻ ഗതികളും, ശരീരത്തിന്റെ മുഴുവൻ കർമ്മവും നല്ലതുതന്നെയാണ്. വാണിയുടെ മുഴുവൻ കർമ്മവും നല്ലതുതന്നെയാണ്. മനസ്സിന്റെ മുഴുവൻ കർമ്മങ്ങളും നല്ലതുതന്നെയാണ്. അതിനാൽ സുഗതൊ ആയിത്തീർന്നു. ഏതൊന്നു പറയുന്നുവോ അത് ചെയ്യുന്നു, ഏതൊന്ന് ചെയ്യുന്നുവോ അത് പറയുന്നു. യഥാ വാദി തഥാ കാരി, യഥാ കാരി തഥാ വാധി, അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും ഒരിടത്തും വ്യത്യാസമില്ല. എങ്കിൽ ബുദ്ധനായി എന്നു മനസ്സിലാക്കാം. ഉപദേശങ്ങളാകട്ടെ വളരെ വലിയത് – രാഗമില്ലാത്തവരായിത്തീരും, ദ്വേഷമില്ലാത്തവരായാത്തീരും, ഇത്തരത്തിലായിത്തീരും, അങ്ങനെ ചെയ്യുക – എന്നാൽ ഉപദേശം കൊടുക്കുന്നവന്റെ ജീവനിൽ വന്നിട്ടില്ലെങ്കിൽ ഇപ്പോൾ ബുദ്ധനായില്ല എന്നു മനസ്സിലാക്കുക. ആര് തഥാഗതനാണോ അദ്ദേഹം തന്നെയാണ് സുഗതൊ. ഏതൊന്ന് പറയുന്നുവോ, അതുതന്നെ ചെയ്യുന്നു. ഏതൊന്ന് ചെയ്യുന്നുവോ അതുതന്നെ പറയുന്നു.

'ലോകവിദു' – മുഴുവൻ ലോകങ്ങളെയും പറ്റി എല്ലാം അറിഞ്ഞു. സർവ്വജ്ഞനായി. അറിയാത്തതായി ഒന്നും തന്നെ ബാക്കിയില്ല. ഉള്ളിൽ യാത്ര ചെയ്തുതന്നെയാണ് സർവ്വജ്ഞനായത്. ആരായാലും ഈ വഴിയിൽ സ്വന്തം ജ്ഞാനം വർദ്ധിപ്പിച്ചുകൊണ്ടു പോകുകയാണ്, വർദ്ധിപ്പിച്ചു കൊണ്ടു പോകുകയാണ് എങ്കിൽ സർവ്വജ്ഞനാകുന്നതാണ്. ഈ മൂന്നര കൈയ്യളവുള്ള ശരീരത്തിൽ മുഴുവൻ ലോകവും സമാഹിതമാണ്. ക്രോധം ഉണർത്തുകയാണെങ്കിൽ അപ്പോൾ ഉള്ളിൽ നരകീയ അഗ്നിതന്നെയാണ് കാണുന്നത്. അയ്യോ, നരക ലോകത്തിലെ അഗ്നി. ഏതൊരു വികാരം ഉണർത്തിയാലും, ഇത് അധോഗതിയാണ്! അധോഗതിയിലെ ജീവൻ ഇത്തരത്തിലാകും! ഇപ്രകാരം തന്നെ പുണ്യം ഉണർത്തുന്നു, ചിത്തത്തെ നിർമ്മലമാക്കുന്നു, കുശലകർമ്മം ചെയ്യുന്നു അപ്പോൾ ദിവ്യഅനുഭൂതി അനുഭവിക്കുന്നു. ചിത്തത്തെ ശാന്തമാക്കുന്നു, മൈത്രിയാൽ നിറക്കുന്നു, കരുണയാൽ നിറക്കുന്നു, മുദിതയാൽ നിറക്കുന്നു, ഉപേക്ഷാ ഭാവത്താൽ നീക്കുന്നു, ഈ ബ്രഹ്മീയ ആനന്ദം ഉള്ളിൽ തന്നെ അനുഭവിക്കുന്നു. ഈ എല്ലാറ്റിനും അപ്പുറത്തുള്ള നിർവ്വാണ അവസ്ഥയുടെ അനുഭൂതി അനുഭവിക്കുന്നു. ഇന്ദ്രിയാതീത അവസ്ഥയുടെ, ലോകാതീത അവസ്ഥയുടെ അനുഭൂതി – ഈ മൂന്നരകൈയ്യുള്ള ശരീരത്തിനുള്ളിൽ ചെയ്യുകയാണെങ്കിൽ 'ലോകവിദു' ആയിത്തീർന്നു. ലോകത്തിന്റെ മുഴുവൻ ക്ഷേത്രവും അറിഞ്ഞു. ആര് അറിഞ്ഞോ അദ്ദേഹം ലോകത്തിനപ്പുറത്ത് പോകുന്നു. ലോകത്തിന്റെ മുഴുവൻ പരിധി അറിഞ്ഞു അതിനാൽ 'ലോകവിദു'.

'അനുത്തരൊ പുരിസധമ്മസാരഥി'– എപ്പോൾ അങ്ങനെ ആകുന്നുവോ അപ്പോൾ കരുണ ഉണരുന്നു. അയ്യോ, ജനങ്ങൾ വഴിതെറ്റി അലയുകയാണ്. ധർമ്മത്തിന്റെ പേരിൽ പാവങ്ങൾ എവിടെയൊക്കെയാണ് അലയുന്നത്. ഏതെല്ലാം കുരുക്കിലാണ് കുരുങ്ങിക്കിടക്കുന്നത്. ഇവർ എത്തരത്തിൽ ശരിയായ വഴിയിൽ വരും. ഇവരുടെ നന്മ എത്തരത്തിലാകും. അതിനാൽ വളരെ കരുണചിത്തത്തോടെ ഈ വഴിതെറ്റിയ ജനങ്ങളെ നേരായ വഴിയിൽ കൊണ്ടുവരുന്നു. എപ്രകാരം കുശലനായ സാരഥി തന്റെ വഴിതെറ്റിയ രഥത്തിന്റെ കുതിരകളെ ശരിയായ വഴിയിൽ കൊണ്ടു വരുന്നുവോ, അപ്രകാരം 'അനുത്തരൊ പുരിസധമ്മ സാരഥി' കരുണക്കൊപ്പം, മൈത്രിക്കൊപ്പം തെറ്റായ വഴിയിൽപ്പെട്ട ജനങ്ങളെ ശരിയായ വഴിയിലേക്ക് കൊണ്ടുവരുന്നു.

സത്താ ദേവമനുസ്സാനം – ശാസ്ഥാവാണ്. ധർമ്മത്തിന്റെ ശിക്ഷകനാണ്. എല്ലാവരുടെയും ശിക്ഷകനാണ്. മനുഷ്യനായാലും ദേവതയായാലും,

രാജാവായാലും പ്രജയായാലും, ധനികനായാലും ദരിദ്രനായാലും ശിക്ഷിതനായാലും അശിക്ഷിത നായാലും ഒരു വ്യത്യാസവും ഇല്ല. ധർമ്മം എല്ലാവർക്കും വേണ്ടിയുള്ളതാണ്. അതിനാൽ എല്ലാവരുടെയും ശാസ്ത്വാവാണ്. മാത്രമല്ല കരുണയോടു കരുണ നിറഞ്ഞ, കരുണയോടു കരുണ നിറഞ്ഞ അത്തരം ശാസ്ത്വാവാണ്. മുപ്പത്തിഅഞ്ചാമത്തെ വയസ്സിൽ സമ്യക്സംബോധി നേടി. അതിനാൽ എന്നോമുതൽ നടന്നു കൊണ്ടിരിക്കുന്ന ഭവപ്രവാഹത്തിൽ നിന്നും മുക്തനായി. 'വിസങ്കാരഗതം ചിത്തം'– ചിത്തത്തിൽ നിന്നും മുഴുവൻ ഭവസംസ്കാരവും നീക്കം ചെയ്തു. ആ അവസ്ഥയെ ദർശിച്ചുകൊണ്ട് പറയുകയാണ്– 'നത്ഥിദാനി പുനഭവോതി'– ഇനി ഇതിനുശേഷം എന്റെ പുനർജന്മം ഉണ്ടാകില്ല. എപ്പോൾ എന്റെ പുനർജന്മം ഉണ്ടാകില്ലയോ, അപ്പോൾ ഞാൻ മുക്തനായില്ലെ! എങ്കിൽ ഞാൻ എന്തിന് ലോകസേവ ചെയ്തുകൊണ്ട് അലയണം? ഉള്ളിൽ ഇത്ര ശാന്തിയാണ്. ഹിമാലയത്തിലെ ഏതെങ്കിലും ശാന്തമായ സ്ഥാനത്തുപോയി സ്വന്തം ബാക്കി ജീവൻ അവിടെ കഴിച്ചുക്കൂട്ടിക്കൂടെ, വിശ്രമത്തോടെ വലിയ ശാന്തിയോടെ. എന്തിന് ഈ കുരുക്കിൽ പെടണം? ജനങ്ങൾ ദുഖിതരാണെങ്കിൽ സ്വന്തം കർമ്മത്താൽ ദുഖിതരാണ് – സ്വന്തം സ്വന്തം കർമ്മ ങ്ങളുടെ ഫലം അനുഭവിക്കുകയാണ്. ഇല്ല, അങ്ങനെയാണെങ്കിൽ ബുദ്ധൻ ബുദ്ധനാകില്ല.

കരുണ ഉണർന്നു. അതിരില്ലാത്ത കരുണ ഉണർന്നു. അദ്ദേഹം അസംഖ്യ ജന്മങ്ങളായി ബോധിസത്വത്തിന്റെ ജീവൻ ജീവിച്ചുവരികയാണ്. ബോധിസത്വത്തിന്റെ എന്തു ജീവനാണ് ജീവിച്ചു വന്നത്? ബോധിസത്വന്റെ എല്ലാ ജീവനിലും സ്വന്തം ഏതെങ്കിലും സദ്ഗുണം ഉണർത്തുന്നതിന് ലോകസേവ തന്നെയല്ലെ ചെയ്യുന്നത്. ലോകസേവ ചെയ്യുന്നു. ജനങ്ങളെ ധർമ്മത്തിന്റെ പാതയിൽ എത്തിച്ചേരുന്നതിന് സഹായം ചെയ്യുന്നു. ഇപ്രകാരം സ്വന്തം ധർമ്മബലം വളർത്തുന്നു. അസംഖ്യ ജന്മങ്ങളായി ജോലി ഇതിനാണ് ചെയ്തു വന്നത് – ഇപ്പോൾ സമ്യക്സംബുദ്ധനായപ്പോൾ ഇതേ ജോലി ചെയ്യുന്നു. ലോകസേവ, ലോകനന്മ, ലോകസേവ, ലോകനന്മ. മുപ്പത്തഞ്ചാമത്തെ വർഷത്തിന്റെ അവസ്ഥയിൽ സമ്യക്സംബുദ്ധനായി എന്നിട്ട് എൺപതാമത്തെ പാകമായ അവസ്ഥയിൽ ശരീരം ത്യജിച്ചു. നാല്പത്തഞ്ചുവർഷം രാത്രിയും പകലും ലോകസേവ തന്നെ ലോകസേവ. വളരെ പ്രയാസത്തോടെ രാത്രിയിൽ ഏകദേശം അര യാമം ശരീരത്തിന് വിശ്രമം കൊടുത്തിരുന്നു. ബാക്കി മുഴുവൻ സമയവും ലോകസേവ തന്നെ ലോകസേവ; ലോകസേവ തന്നെ ലോകസേവ.

എൺപതാമത്തെ വയസ്സ് പൂർത്തി യാകാറായി. മൂന്ന് മാസം മുൻപ് തന്നെ പ്രവചിച്ചിരുന്നു, ഇന്നു മുതൽ മൂന്നുമാസം പൂർത്തിയാകുമ്പോൾ വൈശാഖ പൂർണ്ണിമക്ക് ഞാൻ സ്വന്തം ശരീരം ഉപേക്ഷിക്കും. മഹാപരിനിർവ്വാണം ആകും. എവിടെ ആകും? അതിനാൽ പോകുന്നു, വൈശാലിയിൽ നിന്നും നടന്നു നടന്ന് കുശിനഗരം എത്തിച്ചേരുന്നു. നഗരത്തിനു പുറമെ ഒരു മരത്തിനു താഴെ വിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാളെ രാവിലെ സൂര്യോദയം ആകുമ്പോഴേക്കും പ്രാണൻ ഉപേക്ഷിക്കും. ആനന്ദൻ അദ്ദേഹത്തിന്റെ സേവയിലാണ്. ആനന്ദൻ ആലോചിക്കുകയാണ്, ഈ കുശിനഗരത്തിൽ ഭഗവാന്റെ ഇത്ര ഭക്തരുണ്ട്. ഭഗവാൻ അവരുടെ നഗരത്തിന്റെ ഇത്ര സമീപം വന്നു എന്നിട്ട് അദ്ദേഹം ഇവിടെ പ്രാണൻ ഉപേക്ഷിച്ചു എന്ന് ഇവർക്ക് പിന്നീട് മനസ്സിലാകും, കൂടാതെ അവർ അറിഞ്ഞിട്ടുമില്ല. അതിനാൽ ദേഷ്യപ്പെടും. അവർക്ക് വിവരം കൊടുക്കേണ്ടതുണ്ട്. മരണത്തിനു മുൻപ് ഭഗവാന്റെ ദർശനം ചെയ്യണം, അദ്ദേഹത്തിനെ വന്ദിക്കണം എന്ന് അവർ തീർച്ചയായും ആഗ്രഹിക്കും. അതിനാൽ പോകുന്നു, നഗരത്തിൽ വിവരം കൊടുക്കുന്നു. കൂട്ടത്തോടെ, എത്ര ജനങ്ങളാണ് ഭഗവാനെ നമസ്ക രിക്കുന്നതിനായി വന്നുകൊണ്ടിരിക്കുന്നത്. ഓ, നാളെ പുലർച്ചയാകുമ്പോഴേക്കും ഇദ്ദേഹം സ്വന്തം പ്രാണൻ ഉപേക്ഷിക്കും. ജനങ്ങളുടെ തിരക്കാണ്. ആനന്ദൻ സൗകര്യം ഒരിക്കിക്കൊടുക്കുന്നു. ജനങ്ങൾ വരട്ടെ, ഈ തരത്തിൽ നമസ്കരിച്ച് പോകട്ടെ. വരൂ, നമസ്കരിക്കൂ പോകൂ. ഇനി അല്പ സമയത്തിനുശേഷം സൂര്യൻ ഉദിക്കും. കഴിഞ്ഞു, കുറച്ചു മിനിട്ടിനുള്ളിൽ ഇദ്ദേഹം സ്വന്തം ശരീരം ഉപേക്ഷിക്കാൻ പോകുകയാണ്, ഇത്രയായപ്പോൾ ആ തിരക്കിൽ ഏറ്റവും മുന്നിലുള്ള ഒരു വ്യക്തി, അനങ്ങുന്നില്ല. അയാൾ പറയുകയാണ്, ഇല്ല ഞാൻ പോയി കേവലം നമസ്കരിക്കണം, അങ്ങനെയാകില്ല. നമസ്കാരം എന്തിനു ചെയ്യണം? ആ ശരീരത്തെ നമസ്കരിച്ച് എനിക്ക് എന്തു ലഭിക്കാനാണ്? അയ്യോ, എനിക്കാകട്ടെ അദ്ദേഹത്തിൽ നിന്നും ധർമ്മം പഠിക്കേണ്ടതുണ്ട്. അദ്ദേഹം പോയതിനുശേഷം നിങ്ങൾക്ക് ധർമ്മം പഠിപ്പിക്കാൻ കഴിയുമോ എന്ന് ആർക്കറിയാം. എനിക്ക് അദ്ദേഹത്തിൽ നിന്നും ധർമ്മം പഠിക്കേണ്ടതുണ്ട്.

ആനന്ദൻ പറയുകയാണ് ഇല്ല, ഇപ്പോൾ അദ്ദേഹത്തിന്റെ മരണ സമയമാണ് മഹാപരി നിർവ്വാണത്തിന്റെ സമയമാണ്, അദ്ദേഹത്തിന് കഷ്ടം കൊടുക്കരുത്. നമസ്കരിക്കണമെങ്കിൽ ചെയ്യുക, ഇല്ലെങ്കിൽ മറ്റുള്ളവരെ ചെയ്യാൻ അനുവദിക്കുക. നിങ്ങൾ ഒരു വശത്തേക്ക് മാറുക. ഒരു വശത്തേക്കു മാറുന്നുമില്ല, മുന്നോട്ടു പോകുന്നു – 'ഞാൻ ഭഗവാനിൽ നിന്നും ധർമ്മം പഠിക്കും'. എന്നാൽ ആനന്ദൻ തടയുന്നു, ഇല്ല, ഇല്ല. ഈ ശബ്ദം ഭഗവാൻ കേൾക്കുന്നു. ഒരു ദാഹമുള്ള വ്യക്തി ഗംഗയുടെ തീരത്ത് വന്നിരിക്കുകയാണ് അപ്പോൾ നിങ്ങൾ അവനെ തടയുകയാണ്. ഇല്ല കേവലം ഗംഗയെ നമസ്കരിച്ച് പോകുക. ഇത് ധർമ്മത്തിന്റെ ഗംഗയാണ്, ഇത് കരുണയുടെ ഗംഗയാണ്, ഇത് കരകവിഞ്ഞൊഴുകാൻ തുടങ്ങുന്നു. ആനന്ദാ, ഇവനെ തടയേണ്ട, തടയേണ്ട. വളരെ ദുഖിതനാണ്. ധർമ്മം പഠിക്കാൻ വന്നതാണ്. ഞാൻ ധർമ്മം പഠിപ്പിക്കും. ഇവന്റെ മംഗളം ആകും. ഇവനെ എന്റെ പക്കൽ അയക്കുക. അദ്ദേഹം മരണസമയം വരെ ജനകല്യാണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരു വ്യക്തിക്കെങ്കിലും മംഗളമാകട്ടെ. ഇവന് ഒരുത്തനെങ്കിലും ധർമ്മം ലഭിച്ചെങ്കിൽ, ഇവന്റെ മംഗളമായെങ്കിൽ. എത്ര കരുണ, എത്ര കരുണ. അത്തരം കരുണ നമ്മളിലും ഉണരണം. അല്പമെങ്കിലും ഉണർന്നാൽ അപ്പോൾ നമ്മുടെ ഭക്തി ഫലപ്രദമായിത്തീർന്നു.

ഭഗവാൻ ബുദ്ധന്റെ ഗുണമാകട്ടെ അല്പമെങ്കിലും ജീവനിൽ വന്നില്ല, ശീലത്തിന്റെ തരി പോലുമില്ല, സമാധിയുടെ അല്പം പോലും അഭ്യാസം ചെയ്യുന്നില്ല, പ്രജ്ഞ അല്പം പോലും

ഉണർത്തുന്നില്ല എന്നിട്ട് നമ്മൾ ഭഗവാൻ ബുദ്ധന്റെ ഭക്തനാണ് എന്ന് വിശ്വസിക്കുകയാണ്. അയ്യോ, എന്തു ഭക്തിയാണ് സഹോദര? ഭക്തിയുടെ ലാഭമെടുക്കെണ്ടതില്ലെ ആ ഗുണം ജീവനിൽ വരേണ്ടതില്ലെ മാത്രമല്ല അതിനായി പ്രയത്നം ചെയ്യേണ്ടതുണ്ട്, പരിശ്രമം ചെയ്യേണ്ടതുണ്ട്. പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. സ്വന്തം ശീലത്തെ പുഷ്ടമാക്കുന്നതിനായി മനസ്സിനെ സ്വന്തം അധികാരത്തിൽ കൊണ്ടുവരേണ്ടതുണ്ട്, മനസ്സിൽ സ്വന്തം അധികാരം ചെലുത്തേണ്ടതുണ്ട്, മനസ്സിൽ സ്വന്തം അധികാരം മാത്രമല്ല, മനസ്സിന്റെ ആഴങ്ങളിൽ, അന്തർമനസ്സിന്റെ ആഴങ്ങളിൽ ഏതൊരു വികാരങ്ങളുടെ സഞ്ചയം ചെയ്തുവച്ചിട്ടുണ്ടോ, സംഗ്രഹം ചെയ്തു വച്ചിട്ടുണ്ടോ അതിനെ ഇല്ലാതാക്കേണ്ടതുണ്ട്. അതിനെ നഷ്ടമാക്കേണ്ടതുണ്ട്. അതിനെ കമ്മിയാക്കേണ്ടതുണ്ട്. അതിനായി വിപശ്യനയുടെ അഭ്യാസം ചെയ്യേണ്ടതുണ്ട്.

ഈ വിപശ്യനയുടെ വിദ്യ, ഭാരതത്തിന്റെ പുരാതന വിദ്യ, അത് വീണ്ടും ഉണർന്നു, വീണ്ടും വീണ്ടും ലുപ്തമായി. ഈ മഹാപുരുഷൻ, ഈ മഹാകരുണാവാൻ തിരഞ്ഞു കണ്ടു പിടിച്ചു എന്നിട്ട് ജനങ്ങൾക്ക് വിതരണം ചെയ്തു. ഗുരുശിഷ്യ പരമ്പരയാൽ ഇത് ഇതുവരെ ശുദ്ധരൂപത്തിൽ നിലനില്ക്കുകയാണ്. ഇതിന്റെ ലാഭമെടുക്കാം. ഈ വഴിയിൽ നടക്കാം. ശീലം, സമാധി, പ്രജ്ഞയിൽ പുഷ്ടമായിക്കൊണ്ടു പോകാം. വിപശ്യനയുടെ ആധാരത്തിൽ സ്വന്തം ചിത്തത്തെ നിർമ്മല മാക്കിക്കൊണ്ടുപോകാം. ആര് നിർമ്മലമാക്കാൻ തുടങ്ങിയോ, ധർമ്മത്തിന്റെ വഴിയിൽ നടക്കാൻ തുടങ്ങി. അവരുടെ മംഗളം തന്നെ മംഗളം, അവരുടെ നന്മ തന്നെ നന്മ. അവരുടെ സ്വസ്ഥി തന്നെ സ്വസ്ഥി. അവരുടെ മുക്തി തന്നെ മുക്തി.